ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) ഇല്ല. പക്ഷെ ഡിലിമിറേഷനെപ്പറ്റിയുള്ള ഗവണ്മെണ്ടിന്റെ നിർദ്ദേശങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ നിർദ്ദേശങ്ങൾ നിയമസഭയുടെ പരിഗണനക്ക് വിധേയമാക്കുന്നുണ്ട്.

തിരുവിതാംകൂർ നാണയം

*൪൫. (൧൦൪) ശ്രീ. പി. കെ. കുമാരൻ ആചാരി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ നാണയം പിൻവലിയ്ക്കുന്നതിന് ഗവണ്മെണ്ട് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു് എപ്പോൾ നടപ്പിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നു?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) തിയതി ഈ ഗവണ്മെണ്ട് ക്ലിപ്തപ്പെടുത്തിയിട്ടില്ല. ഇതിന് ഇൻഡ്യാഗവണ്മെണ്ടിന്റെ നോട്ടിഫിക്കേഷൻ ആവശ്യമാണ്.

തരിശുഭൂമികൾ

*൪൯. (൧൦൬) ശ്രീ. ടി. എസ്സ്. ബന്ധു : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

നാട്ടിന്റെ നാനാഭാഗങ്ങളിലും ഗവണ്മെണ്ട് വകയും അല്ലാതെയുമുള്ള വലുതെയധികം ഭൂമികൾ യാതൊരു കൃഷിയും ചെയ്യാതെ തരിശായി കിടക്കുന്ന വിവരം ഗവണ്മെണ്ടിനറിയാമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഗവണ്മെണ്ടു വക ഭൂമികൾ കൃഷിചെയ്യാതെ കിടപ്പുണ്ട്. ഇവയിൽ പലതും കൃഷിക്കു വിട്ടുകൊടുക്കാൻ പാടില്ലാത്തവയാണ്. പതിവു ഭൂമികൾ കൃഷിചെയ്യാതെ അധികം കിടപ്പുള്ളതായി അറിഞ്ഞുകൂടാ.

UNSTARRED QUESTIONS

ഗൃഹനിർമ്മാണ പദ്ധതി

൧൭൪. ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦ ഏപ്രിലിനു മുൻപ് എത്രയെല്ലാം സ്ഥലങ്ങളിൽ എത്ര വീടുവീതം ഗവണ്മെൻറിൽനിന്നും പാവപ്പെട്ടവർക്കായി പണികഴിപ്പിച്ചിട്ടുണ്ട്;

(ബി) മേൽപറഞ്ഞവയിൽ ഏതെല്ലാം സ്ഥലങ്ങളിലെ വീടുകൾ താമസത്തിനായി വീട്ടു കൊടുത്തിട്ടുണ്ട്;

(സി) കൊല്ലം നഗരത്തിലേക്ക് എത്ര വീടുകൾക്കായി എന്തു തുക അനുവദിച്ചിരുന്നു; അതിൽ എത്ര വീടുകൾ കെട്ടി; എന്തു ചിലവായി;

(ഡി) കൊല്ലത്തെ വീടുകൾ പണി പൂർത്തിയായിട്ടു മാസം ആറു കഴിഞ്ഞിട്ടും അവ താമസത്തിനായി കൊടുക്കാത്തതു എന്തുകൊണ്ടാണ്;

LIBRARY ARCHIVES Kerala Legislative Assembly